

# ലിപ്സ്റ്റിക്

■ കെ. അനാമിക

തത്തേ തത്തേ തത്തപ്പെണ്ണേ
അത്തിപ്പൊത്തിലിരിപ്പാണോ..
ചുണ്ടു ചുവക്കാൻ കാരണമെന്തേ
വെറ്റില തിന്നോ, ലിപ്സ്റ്റിക്കോ?!

# സ്കൂൾ ബസ്

■ എം.പി. ചന്ദ്രൻ




കുട്ടികളെ കൊണ്ട -
വിടെയുമിവിടെയും
വട്ടം ചുറ്റും ചങ്ങാതി
പത്തുമണിക്കീ-
യിസ്കൂൾ ഗേറ്റിൽ
പതുങ്ങിയെത്തണ ചങ്ങാതി
നിരത്തിലെത്തിയ പാടേ പോം പോം
പീപ്പി മുഴക്കണ ചങ്ങാതി
പലവിധമതിരസ
കാഴ്ചയൊരുക്കണ
വഴിയിൽ ഞങ്ങടെ കൂട്ടാളി
പലവഴിയങ്ങനെ
ചുറ്റിവളഞ്ഞും
പ്രിയരെ മുഴുവൻ വീടണയിച്ചും
സുരക്ഷിതരായി
കൊണ്ടുനടക്കണ
സ്കൂൾ ബസ്സാണിച്ചങ്ങാതി!

ടൈഗർ സ്റ്റേറ്റ് എന്നറിയപ്പെടുന്നത്– മധ്യപ്രദേശ്